(സി) സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ പേരിൽ വളരെയധികം ജീവനക്കാർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

2001-03 കാലഘട്ടത്തിലെ ആഡിറ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർചാർജ്ജ് നടപടികളുടെ ഭാഗമായി 791 നോട്ടീസുകളിലൂടെ 3,00,19,366 രൂപയുടെയും ചാർജിനത്തിൽ 143 നോട്ടീസിലായി 14,57,501 രൂപയുടെയും നഷ്ടം ഈടാക്കുവാൻ നടപടിയെടുത്തിട്ടുണ്ട്. പഞ്ചായത്തുകൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ തുടങ്ങി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ആഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് എതിരെയാണ് നടപടി കൈക്കൊണ്ടിട്ടുള്ളത്.

കെ.എസ്.എഫ്.ഇ.യിലെ മാനേജർമാർക്ക് മൊബൈൽ ഫോൺ നൽകാൻ നടപടി

25 (2473) ശ്രീ. എം. വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ.-ലെ മാനേജർമാർക്ക് മൊബൈൽ ഫോൺ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര മൊബൈൽ ഫോൺ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇക്കാര്യത്തിൽ ഏതെങ്കിലും മൊബൈൽ ഫോൺ കമ്പനിയുമായി ധാരണയായിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഇതിനായി എത്ര തുക വേണ്ടി വരും ;

(എഫ്) പ്രസ്തുത തുക ഏത് അക്കൗണ്ടിൽ നിന്നും ചെലവാക്കാൻ ഉദ്ദേശിക്കുന്നു ;

(ജി) കെ.എസ്.എഫ്.ഇ.-ലെ ഏതെങ്കിലും സംഘടനകൾ ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ടോ ;

(എച്ച്) ഇല്ലെങ്കിൽ അപ്രകാരമൊരു തീരുമാനമെടുക്കാനുള്ള സംഗതി എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുന്നൂറ്റി രണ്ട് (302)

(സി) എസ്കോട്ടൽ മൊബൈൽ കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് എന്ന കമ്പനിയുമായി പ്രാഥമിക ധാരണയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മൊബൈൽ ഫോൺ കമ്പനികളായ ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ്, ബി.പി.എൽ. മൊബൈൽ, എസ്കോട്ടെൽ മൊബൈൽ കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ്, റിലയൻസ് ഇൻഫോ കോം എന്നീ കമ്പനികളിൽ നിന്ന് കെ.എസ്.എഫ്.ഇ.-യുടെ എല്ലാ ഓഫീസുകളേയും ബന്ധിപ്പിച്ചുകൊണ്ടുള്ള ക്ലോസ്ഡ് യൂസർ ഗ്രൂപ്പ് പ്രകാരം കണക്ഷൻ നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ ക്ഷണിക്കുകയും അതിൽ കമ്പനിക്ക് കൂടുതൽ പ്രയോജനവും ലാഭകരവുമായ നിർദ്ദേശം സമർപ്പിച്ച എസ്കോട്ടെൽ കമ്മ്യൂണിക്കേഷൻസുമായി പ്രാഥമിക ധാരണ ഉണ്ടാക്കുകയും ചെയ്തു.

(ഇ) ഏകദേശം പതിനഞ്ച് ലക്ഷം രൂപ മൊബൈൽ ഫോൺ ഹാൻഡ്സെറ്റ് വാങ്ങിക്കുന്നതിനും 475 രൂപ വീതം 304 കണക്ഷനുകൾക്ക് ഒരു ലക്ഷത്തി നാൽപത്തിനാലായിരത്തി നാന്നൂറ് രൂപ മാസവാടകയും ആകുമെന്ന് പ്രതീക്ഷിക്കുന്നു.

(എഫ്) മൊബൈൽ സെറ്റിന്റെ വില 'ക്യാപിറ്റൽ എക്സ്പെൻഡിച്ചർ' ആയും മറ്റു ചെലവുകൾ ടെലഫോൺ ചാർജ്ജ് ഇനത്തിലും ചെലവാക്കാൻ ഉദ്ദേശിക്കുന്നു.

(ജി) ഗാർഹിക ടെലഫോൺ അലവൻസിനുവേണ്ടി ഓഫീസർ സംഘടനകൾ ആവശ്യമുന്നയിച്ചിരുന്നു.

(എച്ച്) കമ്പനികളുടെ ബ്രാഞ്ചുകളിൽ എടുത്തിട്ടുള്ള ടെലഫോൺ കണക്ഷനുകളുടെ ചെലവിനത്തിൽ വന്നിട്ടുള്ള വർദ്ധനവ് 60% വിളികളും ശാഖകൾ തമ്മിലും മേഖലാ/ഹെഡ് ഓഫീസുകൾ തമ്മിലും ആയതുമൂലമാണ്. മൊബൈൽ ഫോൺ കമ്പനികൾ തരുന്ന 'ക്ലോസ്ഡ് യൂസർ ഗ്രൂപ്പ് സംവിധാനത്തിലൂടെ ശാഖകളും ഓഫീസുകളുമായി സൗജന്യമായി ബന്ധപ്പെടാമെന്നുള്ളതുകൊണ്ട് ടെലിഫോൺ ചാർജ്ജിനത്തിൽ ഉണ്ടാകുന്ന വർദ്ധനവിനെ നിയന്ത്രിക്കാമെന്നതിനാലും ഓഫീസർമാർക്ക് കൂടുതൽ സൗകര്യവും ഉപകാരപ്രദവും കമ്പനിക്ക് ലാഭകരവും പ്രയോജനകരവുമായത് മൊബൈൽ ഫോണായതുകൊണ്ടും കമ്പനി ഭരണ സമിതി ഇപ്രകാരം ഒരു തീരുമാനമെടുത്തു.

കെ.എസ്.എഫ്.ഇ.യിൽ പുതുതായി വാങ്ങിയ കാറുകൾ

26 (2474) ശ്രീ. എം. വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെഎസ്എഫ്ഇ.-ൽ പുതുതായി എത്ര കാറുകൾ വാങ്ങിയിട്ടുണ്ട് ;

(ബി) അവ ഏതൊക്കെയാണെന്നും ആരുടെ ആവശ്യത്തിനാണെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കാറുകൾക്ക് എത്ര തുക വേണ്ടിവന്നു ;

(ഡി) പുതിയ കാറുകൾ വാങ്ങുന്നതിന് ധനകാര്യ വകുപ്പിലെ എക്സ്പെൻഡിച്ചർ വിഭാഗത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ;

(ഇ) പുതിയ കാറുകൾ വാങ്ങേണ്ടതിന്റെ ആവശ്യകത എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly